**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1417** **07-10-2021 - ൽ മറുപടിയ്ക്ക്**

**കൊരട്ടി ഇ.എസ്.ഐ. ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൊരട്ടിയിലെ ഇ.എസ്.ഐ. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം കഴിഞ്ഞ് വർഷങ്ങളായിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; | (ബി) | കൊരട്ടി ഇ.എസ്.ഐ ഡിസ്പെൻസറിയും ബ്രാഞ്ച് ഓഫീസും നിർമ്മിക്കുന്നതിനായി 23.09.2013 ൽ ശിലാസ്ഥാപനം നടത്തിയിരുന്നെങ്കിലും ഇ.എസ്.ഐ കോർപ്പറേഷന്റെ അനുമതി ലഭിക്കാത്തതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നില്ല. തുടർന്ന് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 2018 ൽ നിർമ്മാണപ്രവർത്തി Central Public Works Department (CPWD)യെ ഏൽപ്പിക്കുകയുണ്ടായി. CPWD സമർപ്പിച്ചിട്ടുള്ള പ്രിലിമിനറി എസ്റ്റിമേറ്റ് പ്രകാരം കൊരട്ടി ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പുതിയ മന്ദിരത്തിന്റെ നിർമ്മാണത്തിനുള്ള 3,94,44,698/- (മൂന്ന് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി നാല്പത്തിനാലായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) രൂപയുടെ ഭരണാനുമതി ഇ.എസ്.ഐ കോർപ്പറേഷൻ നൽകി. കൂടാതെ നിർമ്മാണ പ്രവർത്തിക്കുള്ള Initial deposit ഇ.എസ്.ഐ കോർപ്പറേഷൻ CPWD ക്ക് റിലീസ് ചെയ്തിട്ടുണ്ട്. നിലവിൽ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുകയാണ്. |
| (സി) | നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | കൊരട്ടി ഇ.എസ്.ഐ ഡിസ്പെൻസറിയും ബ്രാഞ്ച് ഓഫീസും നിർമ്മിക്കുന്നതിനായി 23.09.2013 ൽ ശിലാസ്ഥാപനം നടത്തിയിരുന്നെങ്കിലും ഇ.എസ്.ഐ കോർപ്പറേഷന്റെ അനുമതി ലഭിക്കാത്തതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിരുന്നില്ല. തുടർന്ന് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 2018 ൽ നിർമ്മാണപ്രവർത്തി Central Public Works Department (CPWD)യെ ഏൽപ്പിക്കുകയുണ്ടായി. CPWD സമർപ്പിച്ചിട്ടുള്ള പ്രിലിമിനറി എസ്റ്റിമേറ്റ് പ്രകാരം കൊരട്ടി ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പുതിയ മന്ദിരത്തിന്റെ നിർമ്മാണത്തിനുള്ള 3,94,44,698/- (മൂന്ന് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി നാല്പത്തിനാലായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) രൂപയുടെ ഭരണാനുമതി ഇ.എസ്.ഐ കോർപ്പറേഷൻ നൽകി. കൂടാതെ നിർമ്മാണ പ്രവർത്തിക്കുള്ള Initial deposit ഇ.എസ്.ഐ കോർപ്പറേഷൻ CPWD ക്ക് റിലീസ് ചെയ്തിട്ടുണ്ട്. നിലവിൽ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ